ഫോക് ലോർ പഠനത്തിനും ഗവേഷണത്തിനും ഉതകുംവിധം വിപുലമായ ഒരു ഉപകേന്ദ്രം കോട്ടയം ജില്ലയിലെ വെള്ളാവൂരിലെ മണിമലയിൽ സ്ഥാപിക്കു ന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. തെക്കൻ കേരളത്തിലെ പടയണി, മുടിയേറ്റ്, കുത്തിയോട്ടം, അമ്പത്തീരടിപാട്ടും പടവെട്ടും തുടങ്ങിയ കലാരൂപങ്ങളെ പരിശീലിപ്പിക്കുവാനും മറ്റു ഗവേഷണ പ്രവർത്തനങ്ങൾക്കും ഈ പഠനകേന്ദ്രത്തെ പ്രയോജനപ്പെടുത്തുവാൻ കഴിയും.

സിനിമാമേഖലയിൽ ഗവേഷണാത്മക പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് കീഴിൽ സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് & ആർക്കൈവ്സ് (CIFRA) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഇ) കേരള സംഗീത നാടക അക്കാദമിയും കേരള ഫോക് ലോർ അക്കാദമിയും പ്രാദേശിക സമിതികളുമായി ചേർന്ന് സംയുക്ത പരിപാടികൾ ഏറ്റെടുത്ത് നടത്തിവരാറുണ്ട്. വിവിധ അക്കാദമികൾ ശിപാർശ ചെയ്യുന്ന പ്രാദേശിക സമിതികൾക്ക് സംസ്ഥാന സർക്കാർ പരിശോധിച്ച് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങളും/ സമിതികളുടെ കേന്ദ്ര ഗ്രാന്റിനായുള്ള അപേക്ഷകൾ പരിശോധിച്ച് കേന്ദ്രസർക്കാരിലേക്ക് ശിപാർശ ചെയ്യാറുണ്ട്.

### സിനിമയുമായി ബന്ധപ്പെട്ട നിയമ ഭേദഗതികൾ

79 (5667) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ സിനിമയുമായി ബന്ധപ്പെട്ട സംഘടനകളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളുമായെന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും സംഘടനകളുടെ ഭാഗത്തുനിന്ന് നിയമ ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ സംഘടനകളുമായി ചർച്ചകൾ നടന്നിട്ടില്ലെങ്കിൽ അവരുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-1-2018-ലെ സ.ഉ. (സാധാ)നമ്പർ 30/2018/ സാം.കാ.വ, 25-5-2018-ലെ സ.ഉ. (സാധാ) നമ്പർ 363/2018/സാം.കാ.വ എന്നിവ പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സർക്കാരിലേക്ക് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

(സി & ഡി) നിലവിൽ ചർച്ചകൾ നടത്തിയിട്ടില്ല.

(ഇ) കരട് നിർദ്ദേശങ്ങളുടെ പരിശോധന പൂർത്തിയാക്കിയതിനുശേഷം ചർച്ചകൾ നടത്തുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ**

80 (5668) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ ചുമതലയിൽപ്പെടുന്നവയാണോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമങ്ങൾ ആഭ്യന്തര വകുപ്പിന്റെ ചുമതലയിലാണെങ്കിൽ അവ സാംസ്കാരിക വകുപ്പിന്റെ ചുമതലയിലേക്ക് മാറ്റുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) കേരള സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം 1958-ലെ സിനിമാ റെഗുലേഷൻ ആക്ട്, 1988-ലെ സിനിമാ റെഗുലേഷൻ റൂൾ എന്നിവ നിലവിൽ ആഭ്യന്തര വകുപ്പിന് കീഴിലാണ്. ആയത് സാംസ്കാരിക വകുപ്പിന് കീഴിലേക്ക് മാറ്റുന്നതിന് മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly